# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2026-മാണ്ട് ഫെബ്രുവരി മാസം 4-ാം തീയതി

## CMP 1/2026 IN MC 10/2026

ഹർജിക്കാരി : അനുശ്രീ മേരി ജോർജ്, D/o. ജോർജ് തോമസ്,
കണ്ടത്തിൽപറമ്പിൽ, പുറക്കാട് പി.ഒ, ആലപ്പുഴ
(പ്രതിനിധീകരിക്കുന്നത് അഡ്വ. എ റ്റി പ്രദീപ്കുമാർ
അഡ്വ. സുരേഷ് കുമാർ)

എതൃകക്ഷി : ജുബിൻ മാത്യു, S/o. കെ എം മാത്യു,
കാച്ചാപള്ളിൽ ഹൗസ് ,
ജീവൻധാര ജംഗ്ഷന് സമീപം,
കുമാരനല്ലൂർ പി.ഒ, കോട്ടയം

2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 23 വകുപ്പ് പ്രകാരമുള്ള ഈ ഹർജി ഏകപക്ഷിയമായി വാദം കേട്ടതിൽ ഈ കോടതി 04.02.2026 ൽ ടി നിയമത്തിൽ 23(2) വകുപ്പ് പ്രകാരം ഇടക്കാലമായി പുറപ്പെടുവിക്കുന്ന

## ഉത്തരവ്

1. ഹർജിക്കാരി ഹാജർ ഇല്ല. പ്രതിനിധീകരിച്ചു. ഹർജി ഭാഗം വാദം കേട്ടു. രേഖകൾ പരിശോധിച്ചു. ഹർജി ഭാഗം വാദം കേട്ടതിൽ വെച്ച് പ്രഥമ ദൃഷ്ട്യാ ഗാർഹിക പീഡനം നടന്നിട്ടുണ്ട് എന്ന് ബോധ്യം വന്നിരിക്കുന്നു. എതൃകക്ഷിക്ക് നോട്ടീസ് അയക്കുന്നതിനുള്ള കാലതാമസം ഈ ഹർജിയുടെ ഉദ്ദേശത്തെ പരാജയപ്പെടുത്തും എന്നതിൽ എതൃകക്ഷിക്കെതിരെ താഴെ പറയും വിധം ഇടക്കാല ഉത്തരവ് ആയിരിക്കുന്നു.

2. ഹർജിക്കാരിയെ ശാരീരികവും മാനസികവുമായി ഉപദ്രവിക്കുന്നതിൽ നിന്നും, ഹർജിക്കാരിക്കെതിരെ ഏതെങ്കിലും തരത്തിലുള്ള ഗാർഹിക പീഡന കൃത്യം ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ വിലക്കി ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 18(a) വകുപ്പ് പ്രകാരം ഉത്തരവായിരിക്കുന്നു.

3. ടി ഉത്തരവ് അമ്പലപ്പുഴ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ച് കൊടുക്കേണ്ടതും ടിയാൻ ഈ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 ഫെബ്രുവരി മാസം 4 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**